**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 915** **18-09-2025 - ൽ മറുപടിയ്ക്ക്**

**നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള വരുമാന പരിധി വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്റഫ് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പിന്നാക്ക സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് സംവരണാനുകൂല്യങ്ങൾ ലഭിക്കുന്നതിനായുള്ള നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് സർക്കാർ 09.04.2018-ലെ 3/2018 നമ്പർ ഉത്തരവിലൂടെ നിശ്ചയിച്ച 8 ലക്ഷം രൂപയെന്ന വരുമാന പരിധി വർദ്ധിപ്പിക്കാൻ ആലോചനയുണ്ടോ;<br>വ്യക്തമാക്കാമോ; | (എ) | കേന്ദ്ര പേഴ്സണൽ & ട്രെയിനിംഗ് മന്ത്രാലയത്തിന്റെ 13.09.2017-ലെ ഓഫീസ് മെമ്മോറാണ്ടം നം.36033/1/2013-Estt.(Res.) പ്രകാരമാണ് കേന്ദ്ര സർക്കാർ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ നോൺ-ക്രീമിലെയർ വരുമാന പരിധി 6 ലക്ഷം രൂപയിൽ നിന്ന് 8 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചത്. പ്രസ്തുത ഓഫീസ് മെമ്മോറാണ്ടത്തിന്റെ അടിസ്ഥാനത്തിലാണ് 09.04.2018 -ലെ G.O.(Ms)No.3/2018/BCDD ഉത്തരവിലൂടെ കേരളത്തിലെ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ നോൺ-ക്രീമിലെയർ വരുമാന പരിധിയും 8 ലക്ഷം രൂപയാക്കി ഉയർത്തിയത്. ആയതിനാൽ കേന്ദ്ര നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ക്രീമിലെയർ വരുമാന പരിധി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളു. |
| (ബി) | 09.04.2018-ന് ശേഷം ഏഴ് വർഷം കൊണ്ടുണ്ടായിട്ടുള്ള പണപ്പെരുപ്പവും ജീവിത ചെലവിലെ വർദ്ധനവും തൊഴിൽ മേഖലയിലെ ശമ്പള വർദ്ധനവും കണക്കിലെടുത്ത് നോൺ ക്രീമിലെയർ വരുമാന പരിധി 10 ലക്ഷം രൂപയായിട്ടെങ്കിലും വർദ്ധിപ്പിക്കുന്നത് പരിഗണിക്കുമോ; വിശദമാക്കാമോ? | (ബി) | കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്ന മുറയ്ക്ക് മാത്രമേ ക്രീമിലെയർ വരുമാന പരിധി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളു. |

സെക്ഷൻ ഓഫീസർ